**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** **23-02-2026 - ൽ മറുപടിയ്ക്ക്**

**നെൽകർഷകർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽകർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടെന്നും ഇതിനായി നിലവിൽ ധനകാര്യവകുപ്പ് അനുവദിച്ച തുകയെത്രയെന്നും വിശദമാക്കുമോ; | (എ) | നെല്ലിന്റെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുക എന്നത് സർക്കാരിന്റെ പ്രഥമ പരിഗണനയിൽ ഉള്ള കാര്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെൽകൃഷി വികസന പദ്ധതിയിൻ കീഴിൽ ഉൽപ്പാദനോപാധികൾക്കായി മാത്രം 297.23 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി റീബിൽഡ് കേരളാ ഇനിഷ്യേറ്റിവ് പദ്ധതി, ആർ. ഐ.ഡി. എഫ് പദ്ധതി എന്നിവ വഴി 666.61 കോടി രൂപയുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. അടിസ്ഥാന വിലയും സംസ്ഥാന പ്രോത്സാഹന ബോണസും ചേർത്ത് കിലോഗ്രാമിന് 30 രൂപ വില നൽകിയാണ് കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി താഴെ പറയുന്ന ഇടപെടലുകൾ സർക്കാർ കൈക്കൊണ്ടുവരുന്നു.<br><br>• അത്യുത്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ<br>• നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റിയായി ഹെക്ടറിന് 3000/- രൂപ.<br>• നെൽവയലിലെ മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായി നെൽകൃഷിക്കുള്ള |

കുമ്മായത്തിന് ഒരു ഹെക്ടറിലേക്ക് 5400/- രൂപ .

- തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ.
- പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 10,000/- രൂപ.
- കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ പ്രത്യേക "ഓപ്പറേഷൻ ഡബിൾ കോൾ" എന്ന പ്രത്യേക പദ്ധതി.
- നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി.
- ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായുള്ള പദ്ധതി.
- പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവ്.
- നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്ക പ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി പ്രോജക്ടാധിഷ്ഠിത ധനസഹായം.
- പ്രോജക്ട് അടിസ്ഥാനത്തിൽ ബ്ലോക്ക് തല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, അരി മില്ലുകളുടെ സ്ഥാപനം, തദ്ദേശ ബ്രാൻഡുകളുടെ പ്രോത്സാഹനം എന്നിവയ്ക്കായി പ്രത്യേക സഹായം.
- നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1000/- രൂപ.
- ഭൂമിയുടെ വിസ്തൃതിക്ക് പരിധിയില്ലാതെ നെൽകൃഷിയുടെ ജലസേചനത്തിനാവശ്യമായ സൗജന്യ വൈദ്യുതി.
- പൊക്കാളി നെല്ലിനങ്ങളുടെ ഫീൽഡ് തല സീഡ് മൾട്ടിപ്ലിക്കേഷൻ നടത്തുന്നതിനായി പ്രത്യേക പദ്ധതി.

- പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചനസൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി സർക്കാർ ധനസഹായം.
- ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുമുള്ള ആനുകൂല്യം. (പരമാവധി 25000/-രൂപ/ ഹെക്ടർ. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപ).
- പ്രകൃതിക്ഷോഭം മൂലം നെൽകൃഷി ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യം.
- വിള നാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 17000/- രൂപ.
- വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിള നാശത്തിനു ഹെക്ടറിന് 15000/- രൂപ ധനസഹായം. 45 ദിവസത്തിന് ശേഷമുള്ള വിള  നാശത്തിനു ഹെക്ടറിന് 35000/-രൂപ ധനസഹായം.
- കുട്ടനാടൻ മേഖലയിലെ പ്രത്യേക കാർഷിക പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി നെൽകൃഷിയ്ക്ക് വേണ്ടി വെള്ളം വറ്റിക്കുന്നതു മുതൽ നിലമൊ രുക്കൽ, വിത്തിടൽ, വിളവെടുപ്പ്, സംഭരണം തുടങ്ങി നെൽകൃഷി യുടെ ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി കാർഷിക വിള കലണ്ടർ.

കൂടാതെ

ഉൽപാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ താഴെ പറയുന്ന പിന്തുണയും സർക്കാർ നൽകി വരുന്നുണ്ട്.

- "കേരാ" പദ്ധതി വഴി പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കാലാവസ്ഥാനുപൂരക നെൽ കൃഷിക്ക് അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രവുമായി ചേർന്നു നടപ്പാക്കുന്ന 500 കോടി രൂപയുടെ പദ്ധതി പിന്തുണ.

| | | | |
|---|---|---|---|
| | | | • അഗ്രോ സർവ്വീസ് സെന്റർ, കേരളാ സംസ്ഥാന മെക്കനൈസേഷൻ മിഷൻ വഴി യന്ത്രവൽകൃത കൃഷിക്കുള്ള പിന്തുണ.<br>• സംഭരണത്തിനും വിപണനത്തിനും മൂല്യവർദ്ധനവിനും ആവശ്യമായ പിന്തുണ.<br>• കൃഷിച്ചെലവ് കുറക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള ധനസഹായവും സാങ്കേതിക പരിശീലനവും.<br>• സോയിൽ ഹെൽത്ത് ആൻഡ് പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം. |
| (ബി) | അടുത്ത സാമ്പത്തിക വർഷത്തേക്കായി കാർഷിക മേഖലയ്ക്ക് സംസ്ഥാന ബജറ്റിൽ നീക്കിവെച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ; കാർഷിക മേഖലയ്ക്കായി കേന്ദ്രബജറ്റിൽ വന്നിട്ടുള്ള വർദ്ധനവ്, വിലക്കയറ്റം കൂടി കണക്കിലെടുക്കുമ്പോൾ പ്രസക്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **സംസ്ഥാന ബജറ്റിൽ കൃഷി വകുപ്പിന് 2026-27 സാമ്പത്തിക വർഷത്തേക്കായി പദ്ധതി ഇനത്തിൽ 880.96 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്.**<br><br>**2026-27 കേന്ദ്ര ബജറ്റിൽ കാർഷിക മേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് അധിക നിക്ഷേപം ഒന്നും തന്നെ ഉണ്ടായിട്ടില്ല. കൃഷി, കർഷക ക്ഷേമ മന്ത്രാലയത്തിന് 2025-26 സാമ്പത്തിക വർഷത്തിനെ അപേക്ഷിച്ച് ബഡ്ജറ്റ് തുകയിൽ 2.19% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിലക്കയറ്റതോത് കൂടി പരിഗണിക്കുമ്പോൾ ബജറ്റിലുണ്ടായ നാമമാത്ര വർദ്ധനവ് കർഷകർക്ക് പ്രയോജനപ്പെട്ടില്ല.** |
| (സി) | നെൽകർഷകർക്കായി സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസ് നിർത്തലാക്കണമെന്ന് കേന്ദ്ര ധനമന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം സംസ്ഥാനത്തുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കാമോ; | (സി) | ഉണ്ട്. നിലവിൽ MSP 23.69 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് 6.31 രൂപയും ചേർത്ത് കിലോഗ്രാമിന് 30 രൂപയാണ് നെല്ലിന്റെ സംഭരണ വിലയായി കർഷകർക്ക് നൽകുന്നത്. എന്നാൽ കേന്ദ്ര ധനകാര്യ മന്ത്രാലയം MSP യ്ക്ക് മുകളിൽ സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസ് അവസാനിപ്പി ക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഉയർന്ന നെല്ല്, ഗോതമ്പ് ഉത്പാദനം പൊതുഖജനാവിന് അധിക ബാധ്യത സൃഷ്ടിക്കുന്നു എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഈ ആവശ്യം.<br><br>നെല്ലിന്റെ താങ്ങുവില സംസ്ഥാനങ്ങളുടെ ഉത്പാദന ചെലവുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കണമെന്നും കേരളത്തിലെ നെല്ലിന്റെ സംഭരണവില 40 രൂപയായി ഉയർത്തണമെന്നുമുള്ള ആവശ്യം സംസ്ഥാന സർക്കാർ, മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും കേന്ദ്രസർക്കാ രിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി ആവശ്യം പരിഗണിക്കാതെ, നെൽകർഷകരെ സഹായിക്കുവാൻ സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസ് കൂടി |

| | | | |
|---|---|---|---|
| | | | അവസാനിപ്പിക്കണമെന്നാണ് കേന്ദ്രം സംസ്ഥാനത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്.<br><br>ഉയർന്ന ഉൽപ്പാദന ചെലവ് നേരിടുന്ന കേരളത്തിൽ, നെല്ലിന്റെ ഉൽപ്പാദന ചെലവിന് ആനുപാതികമായ താങ്ങുവില നൽകി നെല്ല് സംഭരിച്ചില്ലെങ്കിൽ നെൽ കൃഷിയിൽ നിന്നും കർഷകർ പിൻവാങ്ങുന്ന അവസ്ഥാവിശേഷം ഉണ്ടാകും. ഇത് സംസ്ഥാനത്ത് നെല്ലുൽപാദനത്തിന്റെ അളവ് കുറയ്ക്കുവാനും കർഷകർ കൃഷിയിടങ്ങൾ തരിശിടുന്ന പ്രവണത വർധിക്കുവാനും ഇടയാക്കും. കേന്ദ്രസർക്കാരിന്റെ ഇത്തരം ഒരു നീക്കം സംസ്ഥാനത്ത് ഭക്ഷ്യക്ഷാമവും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും ഉണ്ടാക്കുവാൻ സാദ്ധ്യതയുണ്ട് എന്നും കേരളത്തിൽ നിലവിൽ നൽകി വരുന്ന പ്രോത്സാഹന ബോണസ് തുടരും എന്നും അറിയിച്ചുകൊണ്ട് കേന്ദ്ര കൃഷി, ധനകാര്യ മന്ത്രിമാർക്കും കൃഷിമന്ത്രാലയത്തിനും സർക്കാർ തലത്തിൽ കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | ഇന്ത്യ-യു.എസ്. വ്യാപാര കരാർ രാജ്യത്തെ കാർഷിക രംഗത്തെ ഉല്പാദനം മരവിപ്പിക്കുന്നതിന് വഴിതെളിക്കുന്നതായി കരുതുന്നുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത തീരുമാനം പുന:പരിശോധിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | **ഇന്ത്യ - യു.എസ്. വ്യാപാരകരാർ സംബന്ധിച്ചും ഓരോ ഉൽപ്പന്നങ്ങളുടെ തീരുവ സംബന്ധിച്ചും ഉള്ള പൂർണ്ണ വിവരങ്ങൾ കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. എന്നാൽ ഉയർന്ന സബ്സിഡി നൽകി ഉത്പാദിപ്പിക്കുന്ന അമേരിക്കൻ കാർഷിക ഉൽപ്പന്നങ്ങൾ കുറഞ്ഞ തീരുവയിൽ ഇന്ത്യൻ വിപണിയിൽ പ്രവേശിച്ചാൽ ആഭ്യന്തര കർഷകർ കടുത്ത മത്സര സമ്മർദ്ദം നേരിടേണ്ടി വരുമെന്നും അത് റബ്ബർ, വെളിച്ചെണ്ണ, ഡയറി, പൗൾട്രി ഉല്പന്നങ്ങളുടെ വിലയിടിവിന് കാരണമാകുമെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പടെയുള്ള കാർഷിക ഉല്പന്നങ്ങൾക്ക് ഉയർന്ന തീരുവ അമേരിക്ക നിശ്ചയിക്കുകയാണെങ്കിൽ കുറഞ്ഞ താങ്ങുവില ഏർപ്പെടുത്തിയിട്ടുള്ള മറ്റു ഉല്പാദക രാജ്യങ്ങളുമായി അമേരിക്കൻ വിപണിയിൽ മത്സരിക്കുക ബുദ്ധിമുട്ടാകും എന്നും, അതിനാൽ തന്നെ ഈ കരാറിൽ നിന്നും കേന്ദ്രസർക്കാർ പിൻവാങ്ങണമെന്നും കേന്ദ്രസർക്കാരിനോട് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ